ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആകെ അംഗൻവാടികളുടെ എണ്ണം - 33115. (32986 + 129 മിനി അങ്കണവാടികൾ)

(ബി) സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികൾ - 21132

വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ - 10165.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പദ്ധതികളിലുൾപ്പെടുത്തി 631 അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതിയും ഫണ്ടും ലഭ്യമാക്കിയിരിക്കുന്നു. ആയതിൽ 53 അംഗൻവാടികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 197 അങ്കണവാടികളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. ശേഷിക്കുന്നവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്തെ ആകെ അംഗൻവാടി വർക്കർമാർ - 33115

ഹെൽപ്പർമാർ - 32986

(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

അംഗൻവാടികൾ വഴി ഭക്ഷ്യവസ്തുക്കൾ

279 (3259) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തെ അംഗൻവാടികൾ വഴി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നത് ;

(ബി) അംഗൻവാടി കുട്ടികൾക്ക് ഭക്ഷ്യവസ്തുക്കളായി എന്തൊക്കെയാണ് നൽകുന്നത് ; അളവ് വ്യക്തമാക്കുമോ ;

(സി) ഗുണമേന്മയില്ലാത്ത ഭക്ഷ്യവസ്തുക്കൾ അംഗൻവാടികൾ വഴി വിതരണം ചെയ്യുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഗുണമേന്മയുള്ള ഭക്ഷ്യവസ്തുക്കൾ നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംയോജിത ശിശു വികസന സേവന പദ്ധതിയിൻ കീഴിൽ അംഗൻവാടി കേന്ദ്രങ്ങൾ വഴി അനുപൂരക പോഷകാഹാര പദ്ധതി, ഗ്രോത്ത് മോണിറ്ററിംഗ്, ഹെൽത്ത് ചെക്കപ്പ്, ന്യൂട്രീഷ്യൻ & ഹെൽത്ത് എഡ്യൂക്കേഷൻ, റഫറൽ സർവ്വീസ്, ഇമ്മ്യൂണൈസേഷൻ, കൗൺസിലിംഗ്, ഗൈഡൻസ് ഓൺ ഫാമിലി വെൽഫെയർ, അനൗപചാരിക പ്രീ-സ്കൂൾ വിദ്യാഭ്യാസം മുതലായ പരിപാടികൾ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അംഗൻവാടികളിൽ 6 മാസം മുതൽ 3 വയസ്സു വരെ പ്രായമുള്ള കുട്ടികൾക്ക് കുടുംബശ്രീ മിഷൻ മുഖാന്തരം അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തു വരുന്നു. ടേക്ക്ഹോം റേഷൻ സ്കീമാണ് (THRS) പ്രകാരമാണ് പോഷകാഹാരം നൽകിവരുന്നത്. ഗോതമ്പ്, കടലപ്പരിപ്പ്, കപ്പലണ്ടി, സോയാ, പഞ്ചസാര എന്നിവ ചേർന്ന മിശ്രിത പായ്ക്കറ്റായിട്ടാണ് ഇത് നൽകുന്നത്. 135 ഗ്രാം ന്യൂട്രിമിക്സിൽ 500 ഗ്രാം കലോറിയും 12-15 ഗ്രാം പ്രോട്ടീനും അടങ്ങിയിട്ടുണ്ട്. 3 വയസ്സിനും 6 വയസ്സിനുമിടയിൽ പ്രായമുള്ള കുട്ടികൾക്ക് മോണിംഗ് സ്നാക്സ് ആയി 200 മില്ലി പാൽ/20 ഗ്രാം കപ്പലണ്ടിയും 10 ഗ്രാം ശർക്കരയും ചേർത്തുള്ള കപ്പലണ്ടി മിഠായിയും, നൂൺഫീഡിംഗിനു ഒരു കുട്ടിക്ക് അരി 60 ഗ്രാം, പയർ 15 ഗ്രാം, കോൺഡിമെന്റ്സ് എന്ന അളവിൽ തയ്യാറാക്കിയ കഞ്ഞിയും കറിയും വൈകുന്നേരം ജനറൽ ഫീഡിംഗിന് സാധാരണ ഒരു കുട്ടിക്ക് 60 ഗ്രാം നുറുക്ക് ഗോതമ്പ്, 10 ഗ്രാം എണ്ണ, 10 ഗ്രാം പരിപ്പ് എന്നിവയും പച്ചക്കറിയും ചേർത്ത് ഉപ്പുമാവ്/പായസവും, ഉയർന്ന പോഷകാഹാരക്കുറവുള്ള കുട്ടികൾക്ക് ആയത് ഇരട്ടി അളവിലും നൽകിവരുന്നു.

(സി) ഉണ്ട്.

(ഡി) കുടുംബശ്രീ മുഖാന്തരം വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ആയത് അംഗൻവാടികളിൽ വിതരണത്തിനു മുമ്പ് കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന്റെ കീഴിലുള്ള ഫുഡ് ആന്റ് ന്യൂട്രീഷൻ ബോർഡ് റീജിയണൽ ക്വാളിറ്റി കൺട്രോളർ ലബോറട്ടറി, ചെന്നൈയിൽ പരിശോധന നടത്തിവരുന്നു. കൂടാതെ അമൃതം ന്യൂട്രിമിക്സ് നിർമ്മാണ യൂണിറ്റുകളുടെ പരിശോധന നടത്തുന്നതിന്റെ ഭാഗമായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ, ഇൻസ്പെക്ഷൻ ഫോർമാറ്റ് എന്നിവ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ പ്രോഗ്രാം ഓഫീസർ, ശിശു വികസന പദ്ധതി ഓഫീസർ തലങ്ങളിൽ യൂണിറ്റ് പരിശോധനകൾ നടത്തി വരുന്നുണ്ട്. അംഗൻവാടികളിലെ ഉച്ചഭക്ഷണത്തിന് ആവശ്യമായ അരി WBNP പദ്ധതി പ്രകാരമാണ് ലഭ്യമാക്കിവരുന്നത്. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യാ ഗോഡൗണുകളിൽ നിന്നും സപ്ലൈകോ വഴി ഏറ്റെടുക്കുന്ന അരിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും പ്രോഗ്രാം ഓഫീസർ തലത്തിൽ പരിശോധനകൾ നടത്തിവരുന്നുണ്ട്. കൂടാതെ FAQ നിലവാരം പുലർത്താൻ ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ, സപ്ലൈകോ എന്നിവർക്ക് നിർദ്ദേശങ്ങൾ നൽകുന്നു. ഇത് കൂടാതെ അംഗൻവാടികളിലെ മറ്റ് ഭക്ഷണ പദാർത്ഥങ്ങളിലും ഗുണനിലവാരം കർശനമായി പാലിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly